**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2993** **03-08-2021 - ൽ മറുപടിയ്ക്ക്**

**ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ഗോട്ട് സാറ്റലൈറ്റ് പദ്ധതി - തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് വഴി നൽകി വരുന്നു. 5 പെണ്ണാട്ടും ഒരു ആണാട്ടും ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 25000/- രൂപയാണ് ധനസഹായമായി നൽകുന്നത്. 2021-22 ൽ 800 യൂണിറ്റിന് 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് - ആട്ടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡെവലപ്പ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 19 പെണ്ണാട്ടും ഒരു ആണാട്ടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2021-22 ൽ 150 യൂണിറ്റിന് 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 3. RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതിയിൽ 565 യൂണിറ്റുകൾക്ക് 25000/- രൂപ വീതം 1,41,25,000/- രൂപ അനുവദിച്ചിട്ടുണ്ട്. 4. നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ കർഷകർക്ക് ജീവനോപാധി നൽകുന്ന പദ്ധതിയായ പിന്നാമ്പുറ ആട്ടു വളർത്തൽ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 396 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് 10 പെണ്ണാട്ടും ഒരു മുട്ടനാട്ടും അടങ്ങുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി മുഖേന ധനസഹായം നൽകുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതിയും മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ലഭ്യമാക്കാം. 1. ഗോട്ട് സാറ്റലൈറ്റ് പദ്ധതി - പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ്, |

| | | | |
|---|---|---|---|
| | | | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നിവർ അടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. APL, BPL വിഭാഗങ്ങളിൽ നിന്നും 30% സ്ത്രീകൾ 10% SC/ST എന്നിവർ ഗുണഭോക്താക്കളായിരിക്കും. നിലവിൽ ആട് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പുതിയ യൂണിറ്റിന് അപേക്ഷിക്കാം. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയ പർച്ചെയിസ് കമ്മിറ്റിയിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗുണഭോക്താക്കളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 2 പേർ എന്നിവരടങ്ങുന്നു. 2. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് - Deputy Director ചെയർമാൻ ആയിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റിയിൽ APOs/ ജില്ല മൃഗസംരക്ഷണ ഓഫീസർ നിയോഗിക്കുന്ന ഓഫീസർമാർ അംഗങ്ങളായിരിക്കും. വ്യാവസായിക ആട് വളർത്തലിൽ ട്രെയിനിംഗ് നേടിയിട്ടുള്ള, കർഷക രജിസ്ട്രേഷൻ നടത്തിയിട്ടുള്ള, 50 സെന്റ് വസ്തു സ്വന്തമായോ പാട്ടത്തിനോ ഉള്ളവർക്കാണ് മുൻഗണന. ചീഫ് വെറ്ററിനറി ഓഫീസർ ചെയർമാൻ ആയ പർച്ചെയിസ് കമ്മിറ്റിയിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗുണഭോക്താക്കളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 2 പേർ എന്നിവരടങ്ങുന്നു. 3. RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി - 2018 ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ച് ആനുകൂല്യം ലഭിച്ചവർക്കാണ് മുൻഗണന. പഞ്ചായത്ത് തലത്തിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 4. National Livestock Mission ന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി - പഞ്ചായത്ത് തലത്തിൽ ഗുണ ഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നിവർ അടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. APL, BPL വിഭാഗങ്ങളിൽ നിന്നും 30% സ്ത്രീകൾ ഗുണഭോക്താക്കളായിരിക്കും. നിലവിൽ ആട് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പുതിയ യൂണിറ്റിന് അപേക്ഷിക്കാം. BPL, ചെറുകിട കർഷകർക്കാണ് മുൻഗണന. പഞ്ചായത്ത് ലെവൽ പർച്ചെയിസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉരുക്കളെ തിരഞ്ഞെടുക്കുന്നു. |

സെക്ഷൻ ഓഫീസർ